

# GHSS MOOLANKAVE

# എന്റെ കാൽ ചൂവട്ടിലെ മണ്ണ്

## ഉള്ളടക്കം


- ആമുഖം
- ആശംസ
- അമ്മ
- പച്ച
- കാട്ടു കത്തുമ്പോൾ
- ആത്മ സുഹൃത്ത്
- ഉത്തരവാദിത്യം
- മലയാളം
- കറുത്ത പെണ്ണെ കരികുഴലി
- ചങ്ങാതീ
- അക്കിത്തം
- സ്നേഹത്തിന്റെ
- ആട്ടുജീവിതം
- ഒന്നാം കൊച്ചു തുമ്പി
- ഓർമകൾ
- എന്റെ കേരളം
- ചന്ദ്ര ഡയറി
- നിഴലുകൾ
- മധു
- വന ദേവത
- മയ്യൊഴി പുഴയുടെ തീരങ്ങൾ

# എന്റെ കാൽ ചുവട്ടിലെ മണ്ണ്

(റിപ്പോർട്ട്)

- ഏകദിനശിൽപ്പശാല
- ശാസ്ത്ര മേള
- പ്രതിഭയോടൊപ്പം
- പ്രതിഭയെആദരിക്കൽ
- സന്ദേശം

# എഡിറ്റോറിയൽ ബോർഡ് 1

## ചീഫ് എഡിറ്റർ

- സി കെ ഹൈദ്രോസ് - (ഹെഡ് മാസ്റ്റർ)

## സ്റ്റാഫ് എഡിറ്റർ

- കെ കെ സനിൽ
- സലാം കെ
- ഫൗസി

## സ്റ്റുടെന്റ് എഡിറ്റർ

- മുഹമ്മദ് ജിൽഷാദ്

## സപ്പോർട്ടിങ് എഡിറ്റർസ്

- മാളവിക
- നിഹാൽ അബീസ്
- മൗര്യ
- ഇന്ദുലേഖ
- ഫിദ
- നന്ദന
- മുഹമ്മദ് സെൻഹർ

# എന്റെ കാൽ ച്ചുവട്ടിലെ മണ്ണ്

വലിയ ആശങ്കകൾ പെരുകുകയാണ്. നമ്മുടെ കാലം അത്രയൊന്നും സുരക്ഷിതമല്ലെന്ന് തിരിച്ചറിയുന്നു. രണ്ടു പ്രളയങ്ങൾ നമ്മളെ കടന്നുപോയപ്പോൾ, നമ്മുടെ ഉപേക്ഷകൾ വലിയ വിലകളർത്തിക്കുന്നു എന്ന് മനസ്സിലായിക്കൊണ്ടിരിക്കുന്നു.

നമ്മുടെ പരിസ്ഥിതിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാതിരിക്കാൻ ഇനി വയ്യ. ശുദ്ധവായു, ശദ്ധമായ കുടിവെള്ളം, മലിനമാകാത്ത മണ്ണ് തുടങ്ങിയതെല്ലാം നമ്മുടെ ജന്മാവകാശമാണ്.

പക്ഷെ,

പുകയും പൊടി പടലങ്ങളും അന്തരീക്ഷത്തിൽ നിറയുന്നു. ഇന്ത്യയുടെ തലസ്ഥാനത്ത് വായുമലിനീകരണം അപകടകരമായ തോതിൽ വർദ്ധിച്ചത് പത്രത്തിൽ വായിച്ചുവല്ലോ ?

ശുദ്ധമായ കുടിവെള്ളം എന്നത് അപൂർവ്വ വസ്തുവായി മാറുകയാണ്. സമൃദ്ധമായ നദികളും കനത്ത വർഷ  കാലവും ഉണ്ടായിട്ടും കുടിവെള്ളം ഒരു പ്രശ്നമായിമാറുന്നു.

നമ്മുടെ മണ്ണ്, പ്ലാസ്റ്റിക്, കീടനാശിനി, മറ്റു രാസ പദാർത്ഥങ്ങൾ എന്നിവകൊണ്ട് മലിനമാവുകയാണ്. ഇത്തരത്തിൽ മാലിന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, ഈ ഭൂമിയിലെ അധിവാസം ദുസ്സാദ്യമായി തീരുമെന്ന  കാര്യത്തിൽ സംശയമില്ല.

വനങ്ങളും പച്ചപ്പും വേണം, നമ്മുടെ നദികളും കുളങ്ങളും സജീവമാകണം. മലിന മാകാത്ത മണ്ണ് തിരിച്ചുകൊണ്ടുവരണം. പ്രകൃതിയനുസാരിയായ ഒരു ജീവിതം നമുക്ക് പിന്തുടരേണ്ടിവരും.

ഒരു കാര്യം ഉറപ്പാണ്;

നമ്മുടെ കാൽചുവട്ടിലെ മണ്ണ് ഒലിച്ചു പോവുകയാണ്. ഓരോരുത്തരും ചവിട്ടിനില്ക്കുന്ന മണ്ണിനെ കണ്ടേ മതിയാവൂ. ഈ സാഹചര്യത്തിലാണ് ഈ മാഗസിന് എന്റെ കാൽ ചുവട്ടിലെ മണ്ണ് എന്നു പേരിട്ടിരിക്കുന്നത്...

# അമ്മ

അമ്മ എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കാൻ നമുക്ക് ഒരു ജന്മം പോരാ, കാരണം ഒരമ്മ തന്റെ കുഞ്ഞിനു വേണ്ടി കഷ്ടപ്പെടുന്നത് പോലേ വേറെ ആരും ഒന്നിനുവേണ്ടിയും കഷ്ടപ്പെടില്ല. അമ്മ തന്റെ കുഞ്ഞുന്റെ സുഖസൌകര്യങ്ങൾക്ക് വേണ്ടി സ്വയം എല്ലാ സുഖസൌകര്യങ്ങളും ത്യജിക്കുന്നു. മാത്രമല്ല തന്റെ ജീവിതകാലം മുഴുവൻ മക്കൾക്ക് വേണ്ടി കഷ്ടപ്പെടുകയും ചെയ്യുന്നു. ഒരു കുഞ്ഞനെ അമ്മ-യോളം അടുത്തറിയുന്നമറ്റാരുമില്ലെന്ന് പറയാം.അമ്മ-യ്ക്ക് കുഞ്ഞിനോടുള്ളത് തീരാത്ത സ്നേഹമാണ്. എന്നാൽ ഇന്നത്തെ തലമുറയ്ക്ക് ഇതൊന്നും അറി-യേണ്ട കാര്യമില്ല എന്ന ഭാവമാണ്. അമ്മയുടെ മഹ-ത്വം മനസ്സിലാക്കാൻ ചിലപ്പോൾ, അമ്മയെ നഷ്ടമായ ഒരു കുഞ്ഞിനാൽ മാത്രമേ സാധ്യമാകൂ. മാതൃസ്നേ-ഹത്തിന്റെ ഭംഗി നുകർന്നവരെ സംബന്ധിച്ചിടത്തോ-ളം അമ്മ പരിപാവനമായ സത്യമായിതീരുന്നു. സമ-കാലിക സമൂഹത്തിൽ അമ്മമാർക്ക് വാർദ്ധക്യത്തിൽ നൽകപ്പെടേണ്ട കരുതൽ മക്കൾ നൽകുന്നില്ല. പല മക്കളും അതൊരു കടമ മാത്രമാണിന്ന്. സത്യത്തിൽ അമ്മയാണ് എല്ലാം. നമ്മൾ അവരെ ഒരിക്കലും അവഗണിക്കരുത്.

*- ആര്യലക്ഷ്മി കെ വി*
*8 D*

# വച്ച

പ്രകൃതിയാണ് നമ്മുടെ മാതാവ്. സമാധാനപരമായ ജീവിത്തിന് വേണ്ടുന്നതെല്ലാം പ്രകൃതി നൽകുന്നുണ്ട്.മഴപെയ്യുന്നു,വിളവു ണ്ടാകുന്നു,വൃക്ഷങ്ങളും, ചെടികളും പൂക്കുന്നു കായ്ക്കുന്നു.ഇത്രയും ഉപകാരം ചെയ്യുന്ന പ്രകൃതിമാതാവിനോട് നന്ദികാണിക്കുന്നതിനു പകരം ഭൂമിയും, അന്തരീക്ഷവും,ജലവുമെല്ലാം ഏതെല്ലാം വിധത്തിൽ മലിനമാക്കാമോ അത്രയും ദ്രോഹം നാമെല്ലാം ചെയ്യ്തുകൊണ്ടിരിക്കുന്നു. ബുദ്ധിയില്ലാത്ത മനുഷ്യർ തങ്ങൾക്കുതന്നെ ആപത്തുണ്ടാക്കുന്ന മലിനീക ണമാണ് ഇടതടവില്ലാതെ



ചെയ്യ്തുകൊണ്ടിക്കുന്നത്.പരിസ്ഥിമലിനീകര ണം മൂന്നു വിധത്തിലാണ്.വായു മലിനീകരണം,ജലമലിനീകരണം, ശബ്ദമലിനീകരണം. വലിയ വലിയ ഫാക്ടറികൾ

പണിതുയർത്തുകയും

നൂറ് കണക്കിന് ആളുകളെ അതിൽ

പണിയെടുപ്പിക്കുമ്പോൾ കരിയും,

പുകയും വായുവിൽ കലരുന്നു.ഇത് ഓക്സിജൻ കിട്ടാത്ത

അവസ്ഥയിലേക്ക്നയിക്കുകയും നാമെല്ലാം മരണത്തിനു

കിഴ്പ്പെടുകയും ചെയ്യുന്നു. മലിനജലം മറ്റു വസ്തുക്കളെയും

മലിനമാക്കുന്നു.ഇതിലേറെ ദോഷമണ് കെട്ടിക്കിടക്കുന്ന

ജലം.ഇത് മലമ്പനിക്ക് കാരണമാവുന്നു.

ധനതൃഷ്ണ മൂത്ത ആളുകൾ സർക്കാറിന്റെ സേവ

പിടിച്ചുകൊണ്ട് വനങ്ങൾ

നശിപ്പിക്കാൻ തുടങ്ങിയിട്ട് കാലം

കുറെയായി.വനങ്ങളില്ലാതകുമ്പോൾ

നമ്മുടെ നാട്ടിൽ മഴയില്ലാതാകുന്നു. അതിനാൽ നമുക്കിനി

പ്രകൃതിയെയും

പരിശുദ്ധിയും കാത്തുസൂക്ഷിക്കാം.

# കാട്ട കത്തുമ്പോൾ

ഡൽഹിയിൽ അന്തരീക്ഷം പുകപടലം നിറഞ്ഞതും ആമസോൺ കാടുകൾ കത്തുന്നതും ഓസ്ട്രേലിയയിലെ വനം അഗ്നിനാമ്പുകൾ വിഴുങ്ങുന്നതിന്റെ യും വാർത്തകൾ നമ്മൾ പത്രത്തിലൂടെ വായിച്ചു കൊണ്ടിരിക്കുകയാണ്. സമീപകാലത്തായി ഇത്തരം ദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.ആത്മ സുഹൃത്ത്

നമ്മുടെ ദൈനംദിന ജീവിത രീതികളിലും പച്ചപ്പിനോടുള്ള സമീപനത്തിലും കാര്യമായ മാറ്റങ്ങൾ അനിവാര്യമായി തീർന്നിട്ടുണ്ട്. അതിലോലമായ അസ്തിത്വത്തിന്റെ പിൻബലം മാത്രമാണ് നമ്മുടെ ഹരിത പ്രകൃതിക്കുള്ളത്. തികച്ചും അനുകൂലമായ ഒരു കാലാവസ്ഥയിലും അനുഭാവപൂർണമായ സമീപന സന്നദ്ധതയിലും മാത്രമാണ് കാടുകൾ കാടുകളായി നില്ക്കുക.



പ്രാണവായു അന്തരീക്ഷത്തിൽ കുറഞ്ഞു കൊണ്ടിരിക്കുന്നു. കാർബൺ ഡൈ ഓക്സയിഡ് ക്രമാതീതമായി വർദ്ധിക്കുന്നു. അന്തരീക്ഷ ഊഷ്മാവ് അപകടകരമാം വിധം ഉയർന്നു കൊണ്ടിരിക്കുന്നു.

ഈയൊരു സാഹചര്യം അധികകാലം നിലനിർത്തി കൊണ്ടുപോകാൻ കഴിയില്ല. നമ്മുടെ ആവാസവ്യവസ്ഥയുടെ

## എന്റെ കാൽ ച്ചുവട്ടിലെ മണ്ണ്

നിലനില്പ് ചോദ്യം ചെയ്യപ്പെടുകയാണ്. മനുഷ്യേതര ജീവജാലങ്ങളുടേയും വാഴ്‌വ് ഒരു പ്രശ്നമായി തീരുകയാണ്.

പച്ചപ്പിനോടും മണ്ണിനോടും ആവാസവ്യവസ്ഥയോടു തന്നെയുമുള്ള സമീപനത്തിൽ പുനർവിചിന്തനങ്ങൾ അനിവാര്യമായി തീർന്നിട്ടുണ്ട്.താല്കാലികമായ ഉപശാന്തികൾക്കുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയാൽ പോര.സമീപനത്തിലും സംരക്ഷണത്തിലും ധാരാളം വിട്ടുവീഴ്ചകൾക്ക തയ്യാറാവാൻ കഴിയുന്ന ഒരു ജീവിത ശൈലിയിലേക്ക് നമുക്കു മാറാൻ കഴിയണം.

ഒരർത്ഥത്തിലും ആശാസ്യമായ സാഹചര്യങ്ങളല്ല നിലവിലുള്ളത്. കാട് കത്തുമ്പോൾ മാത്രം കാടിനെക്കുറിച്ച് ചിന്തിക്കുന്നത് ശരിയല്ലല്ലോ? എന്തു തന്നെയായാലും നാം പ്ലാസ്റ്റിക്ക് നിരോധനത്തിലൂടെ ഒരു ചുവട് മുന്നോട്ടുവച്ചിരിക്കുകയാണ്.

കപട പരിസ്ഥിതിവാദവും പരിസ്ഥിതി മൗലികവാദവും നമ്മുടെ നാട്ടിൽ നിലനില്ക്കുന്നുണ്ടല്ലോ. സ്വന്തം ജീവിത ശൈലിയിൽ ഒരു ചെറിയ മാറ്റത്തിനുപോലും തയ്യാറാവുന്നില്ലെങ്കിൽ, ഒരു കാലത്ത് അമേരിക്ക അഹങ്കാരത്തോടെ മുതലാളിത്ത ജീവിത ശൈലി യെക്കുറിച്ച് ഊറ്റം കൊണ്ടതും വികസ്വര രാജ്യങ്ങൾ സി എഫ് സി പോലുള്ള വാതകങ്ങളുടെ ഉപ്പാദനവും ഉപഭോഗവും കുറക്കണമെന്നും പറഞ്ഞത് ഇവിടെ ഓർമിക്കുക.

ജീവിത ശൈലികൾ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ പരിസ്ഥിതി ധ്വംസനമായി മാറുമ്പോൾ അത് തിരിച്ചറിയുകയും ബദലുകളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യണം. അല്ലെങ്കിൽ, ആശാസ്യമല്ലാത്ത രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന്റെ പ്രതിഫലനമായി അത് മാറും.ഏറ്റവും എളിയ ജീവനുപോലും പുലരാനും നിലനില്ക്കാനുമുള്ള ഇടം അംഗീകരിച്ചു

കൊണ്ടുള്ള ഒരു സാംസ്കാരിക പ്രത്യയശാസ്ത്രത്തിന്റെ പരിസരത്തു മാത്രമേ നമ്മുടെ ഹരിത പ്രകൃതിക്ക് ക്ഷതങ്ങളേൽക്കാതെ നിലനില്ക്കാൻ കഴിയൂ.

ഒരു ഉത്തരവാദിത്യംണ്ടു പ്ലാസ്റ്റിക്ക് കടലാസ്സ് അലക്ഷ്യമായ് വലിച്ചെറിയുമ്പോൾ അതുണ്ടാക്കാൻ സാദ്ധ്യതയുള്ള പാരിസ്ഥിക പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാൻ കഴിയണം. നമ്മുടെ തോടുകളിലൂടെയും പുഴകളിലൂടെയും ഒഴുകി കടലിലെത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭക്ഷിക്കുന്ന മത്സ്യങ്ങളെക്കുറിച്ച് ഈയടുത്ത് നാം മനസ്സിലാക്കിയല്ലോ?

എനിക്കു മാത്രം, എന്റെ സുഖം മാത്രം ലക്ഷ്യമാക്കുന്ന ചിന്തകളുടെ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ തന്നെയാണ് പ്രസ്തുത മനോഭാവങ്ങളിലും കാണുക. സഹജീവികളെ ഉൾക്കൊള്ളാൻ കഴിയുന്ന ,അത് എത്ര ചെറുതാണെങ്കിൽ പോലും പ്രസക്തമെന്ന് ചിന്തിക്കാൻ കഴിയുന്ന രാഷ്ട്രീയ ബോധത്തിന്റെ അനിവാര്യതയിലേക്കു എത്തിയേ മതിയാവൂ.

പരിസ്ഥിതിയും വികസനവും പരസ്പരംപൊരുത്തപെടാത്ത ദ്വന്ദ്വങ്ങളായി നമ്മുടെ ബോധങ്ങളിൽ ഇടം പിടിച്ചു പോയി. വികസനത്തിന്റെ ലക്ഷ്യം, അനിവാര്യത, നടത്തിപ്പ് രീതി എന്നിവ സംബന്ധിച്ച് വേരുറച്ചു ആത്മ സുഹൃത്ത്പോയ സങ്കല്പങ്ങൾ മാത്രമേ നമുക്കുള്ളൂ. വികസനത്തെ പൂർണമായി നിരാകരിക്കാൻ നമുക്കു കഴിഞ്ഞെന്നു വരില്ല. കാരണം മനുഷ്യപ്രകൃതിയുടെ ഒഴിച്ചുകൂടാൻ കഴിയാത്ത അഭിവാഞ്ചകളിലാണ് വികസനത്തിന്റെ വേരുകൾആത്മ സുഹൃത്ത് ആഴ്ന്നിറങ്ങിയിട്ടുള്ളത്

ചരിത്രാതീതകാലം മുതൽ പ്രകൃതി വിഭവങ്ങളെ ഉപയോഗിച്ചുകൊണ്ടും ഭൗമ ഘടന പരിവർത്തനപ്പെടുത്തിയും മനുഷ്യൻ പരിസ്ഥിതിയെ തനിക്ക് അനുകൂലമാക്കിയിട്ടുണ്ട്. വീട് , റോഡുകൾ,

# എന്റെ കാൽ ച്ചുവട്ടിലെ മണ്ണ്

പാലങ്ങൾ ,തുടങ്ങിയവയുടെ നിർമാണങ്ങൾ വേണ്ടെന്നു വയ്ക്കാൻ ഇനി നമുക്ക് കഴിയില്ല. പക്ഷെ, നിർമാണ വസ്തുക്കളുടെ ഉപയോഗം ഗണ്യമായി കുറച്ചു കൊണ്ടും പരിസ്ഥിതിക്ക് ഇണങ്ങുന്ന നിർമാണങ്ങൾ നിർവ്വഹിച്ചുകൊണ്ടും ചില മാറ്റങ്ങൾ നമുക്കു വരുത്താനാവും. സ്വകാര്യ വ്യക്തികൾ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് അവസാനിപ്പിച്ച്, ക്വാറികളുടെയും പുഴകളുടെയും പൂർണമായ അവകാശം സ്റ്റേറ്റിന്റെ കൈകളിൽ മാത്രമാക്കി നിലനിർത്തുകയും വേണം.

വനങ്ങളിൽ, പച്ചപ്പുകൾ സമൃദ്ധമായി വളരാനുള്ള സാഹചര്യങ്ങൾ ഒരുക്കണം.കാട്ടുകത്തുമ്പോഴാണെങ്കിലും കാടിനെക്കുറിച്ച് ചിന്തിക്കാതിരിക്കാനാവില്ല. നമ്മുടെ വനമേഖല പല തരത്തിലുള്ള ഭീഷണികളെ നേരിടുന്നുണ്ട്. വനത്തെ ഗൗരവപൂർവ്വം സമീപിക്കുന്ന രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും ഉണ്ടാവണം. വനം വകുപ്പിലെ ഉദ്യോഗസ്ഥരിൽ ഒരു നല്ല വിഭാഗം മാഫിയകളുടെയും ബിനാമികളുടെയും ഇടനിലക്കാരായി പ്രവർത്തിക്കുന്നവരാണ്. വനാതിർത്തിയിൽ ഫയർ ലൈൻ നിർമ്മിക്കുന്നത് അടക്കമുള്ള നിർമാണ പ്രവർത്തനങ്ങളിൽ വൻ അഴിമതികളാണ് നടക്കുന്നത്. നിസ്സാരമായ പ്രവർത്തികൾക്കു ഭീമമായ തുക ബിനാമികളുടെ പേരിൽ കൈപ്പറ്റുന്നവരുണ്ട്.

നമ്മുടെ സ്വഭാവിക വനത്തിന് ഭീഷണിയാവുന്ന പലതരത്തിലുള്ള വൃക്ഷങ്ങൾ വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ടതാണ് മഞ്ഞക്കൊന്ന. ആരംഭകാലത്ത് ഏതാനും തൈകൾ പിഴുത മാറ്റിയാൽ പരിഹരിക്കാവുന്ന പ്രശ്നം ഇന്ന് വളർന്ന് വലുതായി. മഞ്ഞക്കൊന്ന നിർമാർജ്ജനത്തിനായി ഓരോ വർഷവും ചെലവാക്കുന്നത് ഭീമമായ തുകയാണ്. മഞ്ഞക്കൊന്ന മാത്രം

തഴച്ചുവളരുന്നു. ജീവനക്കാരുടെ ദൃഷ്ടലാക്കിലാണ് ഈ മരത്തിന്റെ വിത്തുകൾ പാകപ്പെടുന്നത്.

വനത്തിൽ ജലആർത്ത സുഹൃത്ത്സ്രോതസ്സുകൾ വരണ്ടുണങ്ങുകയാണ്. ജലവും ഭക്ഷണവും തേടി വരുന്ന വന്യജീവികൾ പുറത്തേക്കു ,കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതിന്റെ ഒരു കാരണമിതാണ്. സമൃദ്ധമയ പച്ചപ്പും കൂടി വെള്ളവും ഉൾവനങ്ങളിൽ ലഭ്യമാക്കിയാൽ ഒരു പരിധി വരെ വന്യമൃഗശല്യം കുറയും. അതല്ലാതെ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വലിയ കൽമതിലുകളോ ഫെൻസിങ്ങോ നിർമ്മിക്കരുത്. വലിയ ഫണ്ടു തിരിമറി ലക്ഷ്യം വെച്ചു കൊണ്ടുള്ള ഇത്തരം നീക്കങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

വനം ഒരു സംസ്കാരമാവണം. തണൽമരങ്ങളും പൂമരങ്ങളും പുറമ്പോക്കുകളിലും പാഴ്നിലങ്ങളിലും വച്ചു പിടിപ്പിക്കാനുള്ള മനോഭാവങ്ങൾ സ്കൂൾ തലത്തിൽ തന്നെ വികസിപ്പിച്ചെടുക്കാൻ കഴിയണം. അന്യം നിന്നു പോവുന്ന വൃക്ഷങ്ങളും ഔഷധസസ്യങ്ങും ആകാവുന്നിടത്തെല്ലാം വച്ചു പിടിപ്പിക്കണം.

ചുരുക്കത്തിൽ, വനത്തിനു തീയിടുന്നത്, ദുരമൂത്ത മനുഷ്യരാണ്. അമിതമായ ആസക്തികൾ സംരക്ഷിച്ചു പോരുന്ന മനോഭാവങ്ങളാണ് കാടിന് തീവെക്കുന്നത്.നൂറു കണക്കിന് ജീവികളുടെ ദാരുണ മരണത്തിനു കാരണമാകുന്ന കാട്ടുതീ മനുഷ്യ സൃഷ്ടിയാണ്. ഉപഭോഗ താല്പര്യങ്ങൾ കെടാതെ സൂക്ഷിക്കുന്ന സാംസ്കാരിക പരിസ്ഥിതിയിൽ കാടുകൾക്കു കത്താതിരിക്കാനും വയ്യ.

# ആത്മ സുഹൃത്ത്

രണ്ട് സുഹൃത്തുക്കൾ മരുഭൂമിയിലൂടെ നടക്കുന്നുണ്ടായിരുന്നു. യാത്രയുടെ ചില ഘട്ടങ്ങളിൽ അവർക്ക് ഒരു തർക്കമുണ്ടായിരുന്നു, ഒരു സുഹൃത്ത് മറ്റൊരാളുടെ മുഖത്ത് അടിച്ചു. അടിച്ചവന് പരിക്കേറ്റു, പക്ഷേ ഒന്നും പറയാതെ മൊബൈലിൽ എഴുതി;

"ഇന്ന് എന്റെ ഉറ്റസുഹൃത്ത് എന്നെ മുഖത്തടിച്ചു."

ഒരു ഒയാസിസ് കണ്ടെത്തുന്നതുവരെ അവർ നടന്നു കൊണ്ടിരുന്നു, അവിടെ അവർ കുളിക്കാൻ തീരുമാനിച്ചു. അടിച്ചയാൾ ചെളിയിൽ കുടുങ്ങി മുങ്ങിത്തുടങ്ങിയെങ്കിലും സുഹൃത്ത് അവനെ രക്ഷിച്ചു. അടുത്തുള്ള മുങ്ങിമരണത്തിൽ നിന്ന് കരകയറിയ ശേഷം അദ്ദേഹം ഒരു കല്ലിൽ എഴുതി;

"ഇന്ന് എന്റെ ഉറ്റ ചങ്ങാതി എന്റെ ജീവൻ രക്ഷിച്ചു"

തന്റെ ഉറ്റ ചങ്ങാതിയെ അടിച്ച് രക്ഷിച്ച സുഹൃത്ത് ചോദിച്ചു;

"ഞാൻ നിങ്ങളെ വേദനിപ്പിച്ച ശേഷം, നിങ്ങൾ മൊബൈലിൽ എഴുതി, ഇപ്പോൾ നിങ്ങൾ കല്ലിൽ എഴുതി, എന്തുകൊണ്ട്?"

മറ്റേ സുഹൃത്ത് മറുപടി പറഞ്ഞു;

## എന്റെ കാൽ ച്ചുവട്ടിലെ മണ്ണ്

"ആരെങ്കിലും നമ്മെ വേദനിപ്പിക്കുമ്പോൾ നാം അത് മണലിൽ എഴുതണം, അവിടെ പാപമോചനത്തിന്റെ കാറ്റ് മായ്ച്ചുകളയുന്നു, പക്ഷേ ആരെങ്കിലും നമുക്ക് എന്തെങ്കിലും നല്ലത് ചെയ്താൽ അത് കാറ്റിൽ നിന്ന് മായ്ച്ചുകളയണം.

കഥയുടെ ധാർമ്മികത:
നിങ്ങളുടെ ജീവിതത്തിലുള്ളവയെ വിലമതിക്കരുത്, എന്നാൽ നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ഉള്ളവരെ വിലമതിക്കുക

മുഹമ്മദ് സെൻഹർ

# ഉത്തരവാദിത്വം

ഒരു രാത്രിയിൽ നാല് കോളേജ് വിദ്യാർത്ഥികൾ രാത്രി വൈകി പാർട്ടിയിൽ ഏർപ്പെട്ടിരുന്നു, അടുത്ത ദിവസം ഷെഡ്യൂൾ ചെയ്ത ടെസ്റ്റിനായി പഠിച്ചില്ല. രാവിലെ, അവർ ഒരു പദ്ധതിയെക്കുറിച്ച് ചിന്തിച്ചു.
കൊഴുപ്പും അഴുക്കും കൊണ്ട് അവർ സ്വയം വൃത്തികെട്ടവരായി കാണപ്പെട്ടു.
പിന്നെ അവർ ഡീനിലേക്ക് പോയി, ഇന്നലെ രാത്രി ഒരു കല്യാണത്തിന് പോയതായും തിരിച്ചുപോകുമ്പോൾ അവരുടെ കാറിന്റെ ടയർ പൊട്ടിത്തെറിച്ചതായും അവർ കാറിനെ പിന്നിലേക്ക് തള്ളിയിടണമെന്നുംൽ പറഞ്ഞു. അതിനാൽ അവർക്ക് പരീക്ഷ എഴുതേണ്ട അവസ്ഥയില്ലായിരുന്നു.
ഡീൻ ഒരു മിനിറ്റ് ആലോചിച്ചു, 3 ദിവസത്തിന് ശേഷം അവർക്ക് വീണ്ടും പരീക്ഷ നടത്താമെന്ന് പറഞ്ഞു. അവർ അദ്ദേഹത്തോട് നന്ദി പറഞ്ഞു, അപ്പോഴേക്കും തയ്യാറാകുമെന്ന് പറഞ്ഞു.
മൂന്നാം ദിവസം അവർ ഡീൻ മുമ്പാകെ ഹാജരായി. ഇതൊരു സ്പെഷ്യൽ കണ്ടീഷൻ ടെസ്റ്റായതിനാൽ നാലുപേരും പ്രത്യേക ക്ലാസ് മുറികളിൽ ഇരിക്കണമെന്ന് ഡീൻ പറഞ്ഞു. കഴിഞ്ഞ 3 ദിവസത്തിനുള്ളിൽ നന്നായി തയ്യാറാക്കിയതിനാൽ എല്ലാവരും സമ്മതിച്ചു.
ആകെ 100 പോയിന്റുകളുള്ള 2 ചോദ്യങ്ങൾ മാത്രമാണ് ടെസ്റ്റിൽ ഉൾപ്പെട്ടിരുന്നത്:ൽ

എന്റെ കാൽ ചുവട്ടിലെ മണ്ണ്

1) നിങ്ങളുടെ പേര്? ____________ (1 പോയിന്റ്)

2) ഏത് ടയർ പൊട്ടി? ____________ (99 പോയിന്റ്)ൽ

ഓപ്ഷനുകൾ - (എ) ഫ്രണ്ട് ഇടത് (ബി) ഫ്രണ്ട് റൈറ്റ് (സി) ബാക്ക് ലെഉത്തരവാദിത്വംഫ്റ്റ് (ഡി) ബാക്ക് റൈറ്റ്

കഥയുടെ ഗുണപാഠം:

ഉത്തരവാദിത്തം ഏറ്റെടുക്കുക അല്ലെങ്കിൽ നിങ്ങളുടെ പാഠം നിങ്ങൾ പഠിക്കും.

മുഹമ്മദ് ജിൽഷാദ്

# മലയാളം

മധുരം മലയാളം മധുരം മലയാളം

മലയാളത്തിൽ മധുരം നുകരും എന്റെ മലയാളം

അമ്മിഞ്ഞപ്പാൽ നുകരും

ചുണ്ടുകൾ ചൊല്ലും മലയാളം

മറ്റുള്ള ഭാഷയെക്കാൾ മികച്ച-

തിന്നുമെന്നുമെന്റെ മലയാളം

മധുരം മലയാളം മധുരം മലയാളം

മലയാളത്തിൽ മധുരം നുകരും

എന്റെ മലയാളം




അമ്മേ.. എന്ന് വിളിക്കുന്ന ചുണ്ടുകൾ

മൊഴിയും മലയാളം

ഭൂഗോളത്തിൽ ഓരോരോ കോണിലും

ഉണ്ടെന്നുമിന്നും മലയാളി

മധുരം മലയാളം മധുരം മലയാളം

മലയാളത്തിൽ മധുരം നുകരും എന്റെ മലയാളം

-ദേവിക ഉണ്ണികൃഷ്ണൻ

# കറുത്തപെണ്ണേ...
# കരിങ്കുഴലീ....

കറുത്തപെണ്ണേ ! കരിങ്കുഴലീ !
നിനക്കൊരുത്തൻ കിഴക്കുദിച്ചു
കാട്ടുവെട്ടി തരം വരുത്തി
തറയുഴുതു പതം വരുത്തി
പതം വരുത്തിതിന വിതച്ചു
തിന തിന്നാൻ കിളിയിറങ്ങി
കിളിയാട്ടാൻ പെണ്ണിറങ്ങി
അവളിറങ്ങി വള കിലുക്കി
പെണ്ണിന്നട വളകിലുക്കം
കിളി പറന്നു മല കടന്നു
കറുത്തപെണ്ണേ !കരിങ്കുഴലീ !

സമ്പ: ദേവിക രജീഷ്

# ചങ്ങാതി

ഉണർന്നിരിക്കുമ്പോൾ കാണുന്നതാണ് സ്വപ്നമെന്നും
എൻ  കൂട്ടുകാർ  എന്നെ പഠിപ്പിച്ചു.
സൗഹൃദത്തിൻ വില എന്തെന്നറിഞ്ഞത് എൻകൂട്ടുകാരിലൂടെ
എൻ താനിനെ പോലെ അവരെന്നും എൻ കൂടെ
അമ്മയായ് ലാളിച്ചും അച്ഛനായി സംരക്ഷിച്ചതും
സഖിയായി സ്നേഹിച്ചതും എൻ കൂട്ടുകാർ......
സ്നേഹമെന്ന താഴ് വരത്തിൽ ഞാൻകുട്ടിമുട്ടുന്നു
സ്നേഹമെന്ന പുതപ്പി എൻ കൂട്ടുകാരെന്നെ പെതിയുന്നു
ജീവിതവിജയം പഠിപ്പിച്ച ആദ്യ അധ്യാപകൻ
എൻ കൂട്ടുകാർ
എൻ ദുഖങ്ങളിലും സന്തോഷത്തിലും
എൻ  നിഴലായ് കൂടെയുണ്ടായിരുന്നവർ
സ്നേഹമെന്തെന്നു പഠിപ്പിച്ചവർ
സ്നേഹിക്കാൻ  പഠിപ്പിച്ചവർ
മറക്കില്ല ഒരിക്കലും എൻ കൂട്ടുകാരെ...



അവർ തൻ സഹൃദത്തെ
എന്നെ എൻ ജീവിതവിജയൽ
എത്തിച്ചെങ്ങുപോയി മറെഞ്ഞു എൻ കൂട്ടുകാർ
എന്നെ നന്മയിലേക്ക് നയിച്ച്
എന്നെ തനിച്ചാക്കി ഓടി മറഞ്ഞുവോ..
ഓർമിക്കാനൊരുപാട് ഓർമകൾ
തന്ന് ഓടി മറഞ്ഞുവോ.
കാലത്തിന്റെ തീരം വരെ എന്നെ-
അനുഗമിക്കുന്ന സ്വന്തം കൂട്ടുകാർ...

# അക്കിത്തം

പാലക്കാട് ജില്ലയിലെ കുമരനെല്ലൂരിൽ 1926 മാർച്ച് 18 ന് അക്കിത്തം അച്യുതൻ നമ്പൂതിരി ജനിച്ചു.എട്ടാം വയസ്സുമുതൽ പന്ത്രണ്ടാം വയസ്സുവരെ ഋഗ്വേദവും പിന്നീട് സംസ്കൃതവും ജ്യോതിഷവും പതിനാലാം വയസ്സിൽ ഇംഗ്ലീഷും കണക്കും അഭ്യസിച്ചു.വി.ടി ഭട്ടതിരിപ്പാടിൽ നിന്നും തമിഴും അഭ്യസിച്ചിട്ടുണ്ട്.കോഴിക്കോട് സാമൂതിരി കോളേജിൽ ഉപരിപഠനത്തിന് ചേർന്നെങ്കിലും രോഗം നിമിത്തം പഠിപ്പ് തുടരാൻ കഴിഞ്ഞില്ല.



ചിത്രകല , സംഗീതം എന്നിവയിലായിരുന്നു ശൈശവ കൗമാരങ്ങളിൽ താല്പര്യം.എട്ടാമത്തെ വയസ്സിൽ കവിതയെഴുതാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം , ബലിദർശനം ,നിമിഷക്ഷേത്രം , സ്പർശമണികൾ ,മാനസപൂജ , മനോഥം , ഇടിഞ്ഞുപൊളിഞ്ഞ ലോകം , ആലങ്ങാട്ടമ്മ , ഒരുകുടന്ന നിലാവ് , സമന്വയത്തിന്റെ ആകാശം തുടങ്ങിയവയാണ് മുഖ്യകൃതികൾ.

എന്റെ കാൽ ച്ചുവട്ടിലെ മണ്ണ്

കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് , കേരളസാഹിത്യ അക്കാദമി അവാർഡ് , തൃപ്പൂണിത്തുറ സംസ്കൃതകോളേജിന്റെ സാഹിത്യ നിപുണ ബിരുദം , പട്ടാമ്പി സംസ്കൃതകോളേജിന്റെ സാഹിത്യരത്ന ബിരുദം , ഗുരുവായൂരപ്പൻ ട്രസ്റ്റിന്റെ ഓടക്കുഴൽ അവാർഡ് , കേന്ദ്ര വിദ്യാഭ്യാസവകുപ്പിന്റെ സീനിയർ ഫെലോഷിപ്പ് തുടങ്ങി നിരവധി പുരസ്കാരങ്ങൾക്കു പുറമെ 1997 ൽ വള്ളത്തോൾ അവാർഡും അക്കിത്തത്തിനു ലഭിച്ചു.

കോഴിക്കോട് , തൃശ്ശൂർ ആകാശവാണി നിലയങ്ങളിൽ സ്ക്രിപ്റ്റ് റൈറ്റർ , അസിസ്റ്റന്റ് എഡിറ്റർ, എഡിറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.ആഗ്രയിലെ സംസ്കാർ ഭാരതി എന്ന ദേശീയ സംസ്കാരിക സംഘടനയുടെ ഉപാധ്യക്ഷൻ , തപസ്യ , ഇടശ്ശേരി സ്മാരക സമിതി ഏർക്കര സമിതി എന്നീ സംഘടനകളുടെ അധ്യക്ഷൻ , ചങ്ങമ്പുഴ സ്മാരക സമിതിയുടെ ഉപാധ്യക്ഷൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം കേരള സാഹിത്യ അക്കാദമിയുടെ വൈസ് പ്രസിഡന്റുമായിരുന്നിട്ടുണ്ട്.

# സ്നേഹത്തിന്റ താഴ്വരകൾ

സൗഹൃദമെന്ന സ്നേഹത്തിൽ
ആടിയുലയുന്ന ഞാൻ
കൂരിരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക്
നയിച്ചതെൻ കൂട്ടുകാർ
എന്നിലെ വിഷാദങ്ങൾ തീർത്തതും
എൻ കൂട്ടുകാർ
തനിച്ചായിപ്പോകുമെൻ ജീവിതത്തെ
കൈപ്പിടിച്ചുയർത്തിയതു നിങ്ങൾ...
എന്റെ എല്ലാ അവസ്ഥകളിലും
അവരുടെ സാമീപ്യം ഞാനറിഞ്ഞു
എന്നും എൻ ജീവിത വഴികളിൽ
അവരെന്നോടൊപ്പം സഞ്ചരിച്ചു
അറിയില്ല എനിക്കേതു വാക്കിനാൽ
കൂട്ടുകാരെ വർണ്ണിക്കണമെന്ന്



സന്ധ്യകൾ വന്നുപ്പോകുന്നു
നമ്മിലൂടേതോ വിദൂരത്തിലേക്ക്
കാലങ്ങൾ സഞ്ചരിക്കുന്നു
എന്നാൽ കൂട്ടുകാർ നിഴലായ്എൻകൂടെ
തോറ്റുപോം വേളയിൽ തോളിലേറ്റി
സ്വയം തഴ്ന്നെന്നെ ഉയർത്തി
നിദ്രയിൽ കാണും സ്വപ്നം
എന്നും സത്യമല്ലെന്നും

# ആടുജീവിതം

(ബെന്യാമിന്)

പ്രവാസി ജീവിതത്തിന്റെ യാതനകളും ദുരിതങ്ങളും വരച്ചുകാട്ടുന്ന നോവലാണ് ബെന്യാമിന്റെ ആടുജീവിതം. ജനിച്ച നാടിനെ വിട്ട് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ വിദേശത്ത് പോയി ജോലിചെയ്യുന്ന നജീബ് എന്ന കഥാപാത്രമാണ് ആടുജീവിതത്തിലെ കേന്ദ്രകഥാപാത്രം.നജീബിന്റെ ജീവിതം ആടുകൾക്ക് നടുവിലാകുമ്പോൾ നജീബും ആടായി മാറുന്നതാണ് ആടുജീവിതത്തിലെ വേദനിപ്പിക്കുന്ന രംഗം.



ഹൃദയസ്പർശിയായ ആടുജീവിതം എന്ന കഥ നജീബ് എന്ന യുവാവ് യഥാർത്ഥത്തിൽ അനുഭവിച്ച് തീർത്ത ജീവിതാനുഭവങ്ങൾ തന്നെയാണ്.മണലാരണ്യത്തിൽ ആടുകളുമൊത്തുള്ള ജീവിതത്തിൽ സ്വന്തം ജീവിതത്തിന്റെ , കുടുംബത്തിന്റെ ഓർ

മ്മകളെല്ലാം വ്യർത്ഥമാകുന്നു.നജീബിന്റെ വികാരങ്ങളും , വിചാരങ്ങളും , ആടുകളുമൊത്ത് കഴിഞ്ഞുകൂടുന്ന സങ്കടകരമായ ഭാഗങ്ങളും ആടുജീവിതത്തിന്റെ കരളലിയിപ്പിക്കുന്ന അവസ്ഥകളാണ്.

ആടുകളോടൊത്ത് വെള്ളം കുടിച്ചും , അവയ്ക്ക് നൽകുന്ന ഭക്ഷണം കഴിച്ചും , ഉറങ്ങിയും പ്രാകൃത മനുഷ്യനായി മാറുന്ന നജീബ് ദുരിത കയത്തിൽ നിന്നും രക്ഷപെടുന്നതിനുവേണ്ടി ശ്രമിക്കുന്ന ഭാഗങ്ങളുണ്ട്.എന്നാൽ ക്രൂരനായ കാട്ടറിബിയുടെ തടങ്കലിൽ നിന്നും രക്ഷനേടാൻ നജീബിനാകുന്നില്ല.ആടുജീവിതം വായിച്ചു തീർക്കുമ്പോൾ ഓരോ വ്യക്തിയും ഒരു നജീബായി മാറുന്നു. പ്രവാസി ജീവിതത്തിന്റെ വേദനിപ്പിക്കുന്ന യഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്നു.കേന്ദ്രകഥാപാത്രമായ നജീബ് അനുഭവിച്ച് തീർക്കുന്ന പ്രവാസി ജീവിതം ഓരോ വ്യക്തിയുടേയും മനസ്സിൽ നീറുന്ന സത്യങ്ങളായി അവസാനിക്കുന്നു. ഞാൻ വായിച്ചതിൽ ഏറ്റവും ഹൃദയസ്പർശിയായ നോവലാണ് ആടുജീവിതം.

---

# ഒന്നാനാം കൊച്ചുതുമ്പീ



ഒന്നാനാം കൊച്ചുതുമ്പീ
എന്റെകൂടെ പോരുമോ നീ
നിൻ കൂടെ പോന്നുവെന്നാൽ
എന്തെല്ലാം തരുമെനിക്ക്
കളിപ്പാനോ കളം തരുവേൻ
കുളിപ്പാനോ കുളം തരുവേൻ
കുമ്പിടുവാൻ കോവിലുണ്ട്
കൂടെ വരാൻ തേവരുണ്ട്
ഇട്ടിരിക്കാൻ പൊൻകരണ്ടീ
കണ്ടിരിക്കാൻ കളിവിളക്ക്
വെച്ചുണ്ണാൻ ചിറ്റുരിളീ
ചെറുപാത്രം കോരികയും
ഇട്ടിരിക്കാൻ പൊൻതടുക്ക്
ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുകാൻ കൊച്ചുകിണ്ടീ
കൈതോർത്താൻ പുള്ളിപ്പട്ട്

സമ്പാ: ഫേബ ബിനു
9 F

# ഓർമ്മകൾ

ബാല്യകാലത്തെന്റെ കൂടെ നടന്നവർ
ബാല്യകാലത്തിന്റെ ഓർമ്മച്ചെപ്പവർ
കളിച്ചും ചിരിച്ചും കൂടെനടന്നെൻ
കളിക്കൂട്ടുകാരിയായി മാറിയവൾ
ബാല്യകാല ഓർമ്മയുടെ ചിറകവൾ

ഓർത്തു ചിരിക്കാൻ ഒത്തിരി കഥകൾ
കൂടെയുണ്ടെന്നരികിൽ ഇന്നും
ബാല്യകാലം മനുഷ്യ ജീവിതത്തിൽ
ഏറ്റവും വലിയ സമ്പാദ്യമെന്ന
സത്യമറിഞ്ഞു ഞാൻ ഈ നിമിഷം

ബാല്യകാലത്തിൽ സുഹൃത്തുക്കൾ എന്ന മരമില്ലെങ്കൽ
ബാല്യകാലമില്ലെന്നതാണ് സത്യം
ഇന്നെന്നരികെ അവൾ ഇല്ലെന്ന സങ്കടം
ഇന്നുമുണ്ടെൻ മനസ്സിലൊരു ദുഃസ്വപ്നമായ്
എന്റെ കൂടെയെന്നും സാന്ത്വനമേകി
എൻ അരികെ നിന്നാശ്വസിപ്പിച്ച കാലം
ഓർക്കുന്നു ഞാനാ ബാല്യകാലം

എന്നും എൻ നിഴലായ് നടന്ന്
എന്റെ കാര്യങ്ങൾ നോക്കിയിരുന്നവൾ

# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി മനശ്ശാന്തിതരും
മമ ജന്മ നാടേ മനോഹരി...

കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ടു കാണുമാറഴകാർന്ന-
രുവികളുമതിരിൽ മേഘ മേലാപ്പു-
തൊടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസഖ്യം
ശീതളമാമലഞൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തത്തെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ

ഇളം കാറ്റിൽ പാറുമംഗന
തൻ ചേലുപോലലംകൃതം ചേലൊത്ത
നീല വർണ്ണ മനോഹര തിര
ഞൊറിയും സാഗരം നീളെ...



# ഡയറി



**3-8-2068**

*ബുധൻ*

*ഇപ്പോഴും ഞെട്ടൽ വിട്ടുമാറിയിട്ടില്ല
അപ്പൂപ്പന്റെ അപ്പൂപ്പന് 7-8 വയസ്സുള്ള
കാലത്താണ്ണ് മനുഷ്യൻ ആദ്യമായി ചന്ദ്രനിലിറങ്ങിയത് എന്ന്
കുറച്ചുമുമ്പാണ് അപ്പൂപ്പൻ പറഞ്ഞുതന്നത്. ഇതിനുമുമ്പുവരെ
മനുഷ്യനുണ്ടായ കാലം മുതൽ മനുഷ്യൻ ചന്ദ്രനിൽ വരുകയും
പോവുകയും താമസിക്കുകയും ചെയ്തിരുന്നു എന്നായിരുന്നു എന്റെ
വിശ്വാസം. അപ്പൂപ്പൻ പറഞ്ഞതനുസിരിച്ച് അതിനു മുമ്പ് മനുഷ്യർ
ഭൂമിയിൽ തന്നെയാണത്രേ ജീവിച്ചിരുന്നത്. മറ്റൊരു പ്ലാനറ്റിലും മനുഷ്യൻ
താമസ്സിക്കാൻ ശ്രമിക്കുക പോലും ചെയ്തിട്ടില്ലത്രേ... എനിക്കെന്തോ
വിശ്വസിക്കാൻ പറ്റുന്നില്ല. ഇപ്പോൾ ഞങ്ങൾ വെക്കേഷൻ ടൈമിൽ
സ്ഥിരമായിട്ട് ഭൂമിയിൽ പോകാറുണ്ട്,എന്നാൽ അന്നൊന്നും അതുപോലെ
പോലും മനുഷ്യർ ഇവിടേക്ക് വന്നിരുന്നില്ലത്രേ... അവിശ്വസിനീയം
അല്ലാതെന്തു പറയാൻ.*

*മാളവിക എ*
*9 D*

# നിഴലുകൾ



കൂരിരുട്ടുകൾ മൂടിക്കിടക്കുമെൻ
ജീവിതയാത്രയിൽ റോഡരികിൽ
തെരുവുവിളക്കിന്റെ നേർത്ത വെട്ട-
മീ കാലടികളെയാനയിക്കെ,
ഓർക്കുന്നു ഞാനെന്റെ ബാല്യകാല-
മൊപ്പമോടിയെത്തുന്നു വസന്തകാലം.
വിദ്യാലത്തിന്റെ മുറ്റത്തു നിൽക്കുന്ന
പച്ചനെല്ലിക്കയാൽ സൌഹൃദങ്ങൾ
ഒട്ടുവളർത്തി വലുതാക്കി ഞാനവർ
നേതാവായി വിലസും കാലം
'സാറ്റു'കളിയും കൊത്തങ്കല്ലും
വട്ടെറിഞ്ഞോടിച്ചെടുത്തിടലും
എല്ലാമൊരോർമകൾക്കപ്പുറത്ത്
ദാർമ്മയിൽ തെളിയും സുവചനം
വെളുത്തമുണ്ടും നിറചിരിയും,
കറുത്ത ബോർഡും വെളുത്തചോക്കും,
മനസ്സുനിറയും ചെറുകഥയും,
ആദ്യാധ്യാപകന്റെയുപദേശവും
കൂരിരുട്ടിന്റെയീ രാത്രിയിലേകാന്ത
ലോകത്തിൽ ഞാനൊറ്റയ്ക്കു നിൽക്കെ
ഓർക്കുന്നു ഞാനെന്റെയധ്യാപകനെ
അറിവിന്റെയധ്യാപകനെ
അറിവിന്റെയാദ്യാക്ഷരങ്ങളാലെൻ
മനതാര് വിടർത്തിയ തേജസ്സിനെ



# മധു

ഭക്ഷണമൊരുനേരം 'മോഷ്ടിച്ച'തിൻ പേരിൽ
കള്ളനെന്നെനിക്കൊരു പേര് !
വെള്ളവും മണ്ണും കട്ടെടുക്കുന്നൊരാ
രാഷ്ട്രീയക്കാരൻ വിശുദ്ധൻ !
എന്റെ കാലിനടിയിലെൻ മണ്ണിന്റെ
എല്ലാ നനവും വരണ്ടുപോകെ
എന്റെ 'കുടി'യിലെ മുളങ്കുറ്റിക്കടിയിലെ
അവസാന നെല്ലും മാഞ്ഞുപോകെ,
എന്റെ കുഞ്ഞുങ്ങളൂഞ്ഞാലിട്ടാടു -
ന്നൊരാ വനവൃക്ഷങ്ങൾ മുറിഞ്ഞുതീരെ ,
ആളിപ്പെരുകും വിശപ്പിന്റെ ജ്വാലങ്ങൾ
ഇത്തിരിയൊന്നമർത്തി വയ്ക്കാൻ
ഭക്ഷണമൊരുനേരമെടുത്തു കഴിച്ചതാൽ
കള്ളനെന്നെനിക്കൊരു പേര് !

അനാമിക സുരേന്ദ്രൻ
8 B

# വനദേവത



നിലമ്പൂർപ്പുഴയിൽപ്പാറ-
കെട്ടിനുറ്റോരു തോഴിയായ്,
പാടിപ്പോകും സ്വർണ്ണനദി
ഇന്നുമെൻ പ്രേമവാഹിനി !

നീണ്ടുരണ്ടു കരംപൊക്കി,
പന്തൽപ്പണി കഴിപ്പവർ,
ആ വന്മരങ്ങൾ കൂടായി
നിന്ന വൻ തറവാടുകൾ;

സഹ്യാദ്രിച്ചെരുവിൽക്കണ്ട
പച്ചക്കുരുവിവിടുകൾ
അവിടെപ്പൊങ്ങി പരിഷ-
ന്മണ്ഡപം-ചന്ദ്രമണ്ഡലം !

വസന്തത്തിൻ പറവകൾ
പാടിയ വനസീമയിൽ;
നുകർന്നു കരളിൻചുണ്ടാൽ
തേൻകണം പുതുപൂക്കളും

ആറ്റുവക്കിൽ-പൂനിലാവിൽ
ഇളം തെന്നലിലൊട്ടുനാൾ
ഊയലാടിക്കളിച്ചൊരു
വനകന്യകയെങ്ങുപോയ് ?

*- പി-യുടെ കവിത*

# വായനക്കുറിപ്പ്,

# മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

എം. മുകുന്ദൻ.

എം.മുകുന്ദനെ പ്രശസ്തനാക്കിയ രചനയാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' കാലവാഹിനിയായ മയ്യഴിപ്പുഴയുടെ കഥയാണിത്. തന്റെ കാൽകീഴിലേക്ക് മയ്യഴിയെ ആവാഹിക്കുന്ന ദാസന്റെയും,ജന്മാന്തരങ്ങൾക്കിടയിലെ വിശ്രമസ്ഥലമായ വെള്ളിയാങ്കല്ലിൽ നിന്നും പറന്നു വന്ന ഒരു തുമ്പിയെപ്പൊലെ ദാസൻ ജനിച്ചു. പഠിക്കാൻ മിടുക്കനായിരുന്ന ദാസനെപറ്റി മയ്യഴിയിലെ ജീവിതനാടകങ്ങളുടെ ദൃക്സാക്ഷികൾക്ക് സങ്കൽപ്പങ്ങളുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിന്റെ അർത്ഥം തേടിയ അവൻ ചങ്ങലകളിൽ ബന്ധിതനായി വിശാലമായ സുഖസൌകര്യങ്ങളുടെ പാത മുന്നിലുണ്ടായിട്ടും അവയെ തട്ടിമാറ്റി ജന്മനാടിന്റെ സ്വാതന്ത്ര്യത്തിനായി പോരാടിയ ദാസൻ സ്വയംനഷ്ടപ്പെട്ട ഓർമ്മകളിൽ ചന്ദ്രികയുമായി ഒന്നിക്കാൻ ആഗ്രഹച്ചപ്പോഴും വെള്ളിയാങ്കലിനെ ചുറ്റിപ്പറക്കുന്ന തുമ്പിയായി തീരാനെ ദാസന് കഴിഞ്ഞുള്ളൂ.

*ദേവിക ടി എസ്*

എന്റെ കാൽ ചുവട്ടിലെ മണ്ണ്

# ഏകദിന ശില്പശാല

29-11-19, വെള്ളി - രാവിലെ 10 മണി മുതൽ 12 വരെ

" ടി.വി. ജേണലിസം, സാദ്ധ്യതകളും വെല്ലുവിളികളും

- ശ്രീ.ജയരാജ്, (മംഗളം, വാർത്താ ച ന ൽ വയനാട് ബ്യൂറോ )

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന ശില്പശാല ഹെഡ്മാസ്റ്റർ ശ്രീ.സി.കെ.ഹൈദ്രോസ് ഉദ്ഘാടനം ചെയ്തു.
മാളവിക സ്വാഗതം പറഞ്ഞു.ശ്രീ' .ജയരാജ് വാർത്തകൾ രൂപപ്പെടുന്ന സാഹചര്യങ്ങളും അവയുടെ അവതരണവും വിവരിച്ചു.
മാധ്യമ പ്രവർത്തനത്തിന്റെ പരിചിതമല്ലാത്ത മേഖലകളെ ജയരാജ് പരിചയപ്പെടുത്തി.
വാർത്തകൾ സമൂഹത്തിൽ ചർച്ചയാവുന്നതും വാർത്തകൾ കണ്ടെത്തുന്നതും രസകരമായ അനുഭവ പാഠമായി.
വാർത്തകളുടെ ലോകം ഇന്ന് സങ്കീർണമായി കൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യ വളർന്നതോടെ ജോലി എളുപ്പമായെങ്കിലും പിരിമുറുക്കങ്ങൾ വർദ്ധിച്ചു.
വാർത്ത ശേഖരിക്കൻ, സ്റ്റോറി ബോർഡ്, ബൈറ്റ്സ്, വോയ്സ് ഓവർ ,പാനലിങ്, തുടങ്ങി വിവധ തലങ്ങൾ വിശദമാക്കി തന്നു '
ശ്രീ സനിൽ ശ്രീനാരായണൻ തുടങ്ങിയ അദ്ധ്യാപകരുടെ സാന്നിദ്ധ്യമുണ്ടാ യിരുന്നു.



# ശാസ്ത്രമേള റിപ്പോർട്ട്

സുൽത്താൻ ബത്തേരി ഉപജില്ലാ ശാസ്ത്രോൽസവം മൂലങ്കാവ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ ഒക്ടോബർ 15,16 തിയ്യതികളിലായി സംഘടിപ്പിച്ചു. ശാസ്ത്ര,ഗണിതശാസ്ത്ര ,സാമൂഹ്യശാസ്ത്ര ,പ്രവൃത്തിപരിചയ മേളകളുടെ സബ്ജില്ലാതല മേളകളുടെ മൽസരങ്ങളാണ് പൂർത്തിയായത്.

മേളയുടെ ഔപചാരികമായ ഉദ്ഘാടനം നൂല്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ .ശോഭൻകുമാറിന്റെ അധ്യക്ഷതയിൽ സുൽത്താൻ ബത്തേരി നഗരസഭ ചെയർ പേഴ്സൺ ശ്രീ.ടി.എൽ സാബു നിർവ്വഹിച്ചു.ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ.കുമാരൻ,ഹെഡ്മാസ്റ്റർ ശ്രീ സി.കെ .ഹൈദ്രോസ് , പി.റ്റി.എ പ്രസിഡന്റ് ശ്രീ മോജോ ചാക്കോ ,എ.ഇ.ഒ ശ്രീ. മാത്യു തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങൾ സംസാരിച്ചു.പ്രിൻ സിപ്പൽ ശ്രീ. മിനി.സി. ഇയാക്കു സ്വാഗതം പറഞ്ഞു.

ഹരിത പ്രോട്ടോക്കോൾ നിർബ്ബന്ധമായി പാലിച്ചുകൊണ്ടുള്ള മേള മാതൃകാപരമായിരുന്നു.മാലിന്യസംസ്കരണത്തിലും മൂലങ്കാവ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ വ്യത്യസ്തമായ സമീപനമാണ് അനുവർത്തിച്ചത്.ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും പ്രത്യേകം ശേഖരിക്കുകയും

കൃത്യതയോടെ സംസ്കരിക്കുകയും ചെയ്തത് അഭിനന്ദനീയമാണ്.

മികച്ച നിലവാരത്തിൽ ഭക്ഷണം പാചകം ചെയ്ത് ശരിയായ രീതിയിൽ വിതരണം ചെയ്ത് മാതൃകാപരമായ രീതിയാണ് മൂലങ്കാവ് മുന്നോട്ടു വയ്ക്കുന്നത്.പരാതികൾക്കിടനൽകാതെ ഫുഡ്കമ്മറ്റി അഹോരാത്രം പ്രവർത്തിച്ചത് തികച്ചും പ്രശംസാർഹമാണ്.

**തികഞ്ഞ ആദിത്യ മര്യാദയോടു കൂടി അതിഥികളെ സ്വീകരിയ്ക്കാനും ആവശ്യമായ സഹായങ്ങൾ നൽകാനും മൂലങ്കാവിലെ അധ്യാപകർക്കു കഴിഞ്ഞു.സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിനും വിവിധ കമ്മറ്റികൾ സജീവമായി പ്രവർത്തിച്ചു. കുറ്റമറ്റ പ്രകടനം കാഴ്ചവച്ച് മൂലങ്കാവ് മാതൃകയായി.സ്റ്റാഫ് സെക്രട്ടറി ശ്രീ,പ്രകാശൻ ഹെഡ്മാസ്റ്റർ ശ്രീ. ഹൈദ്രോസ് സീനിയർ അസിസ്റ്റന്റ് ശ്രീമതി ജയലക്ഷ്മി തുടങ്ങിയവർ അഭിനന്ദനങ്ങൾ അർപ്പിച്ചു.**

എന്റെ കാൽ ചുവട്ടിലെ മണ്ണ്

# പ്രതിഭയോടൊപ്പം

നമ്മുടെ സ്കൂളിനടുത്ത് താമസിക്കുന്ന ശ്രീ.കുഞ്ഞിരാമേട്ടൻ ,കളിമൺ ശില്പങ്ങൾ നിർമ്മിക്കുന്ന തിൽ തന്റേതായ വഴികൾ കണ്ടെത്തിയ പ്രതിഭയാണ് വർഷങ്ങൾക്കു മുമ്പ് മരത്തിൽ നിന്നു വീണ് ,സ്വാധീനം നഷ്ടപ്പെട്ട കയ്യുമായി, തികച്ചും യാദൃശ്ചികമായാണ് ശില്പങ്ങളുടെ ലോകത്തേക്കെത്തുന്നത്.പല മത്സരങ്ങളിലും പങ്കെടുത്ത് സമ്മാനിതനായിട്ടുണ്ട്.




ഗോത്ര പാരമ്പര്യം തലമുറകൾ കൈമാറി വന്ന്, സ്വയം സമർപ്പിതമായ വൈദ്യ ജോലിയും ഇദ്ദേഹം പൂർണമായ പൂർവ്വകാല വിശുദ്ധിയോടെ ചെയ്തു വരുന്നുണ്ട്.

**കുട്ടികളോട് സംവദിക്കാനും അനുഭവങ്ങളുടെ അഗ്നിപരീക്ഷകൾ സരസമായി പറയുന്നതിനും**

**കാലപ്രതിഭയെത്ത്യാദരിക്കൽത്തിന്റെ പാഠം പുസ്തകത്തിൽ നിന്നുള്ള അറിവുകൾ ചൂണ്ടി കാണിക്കുന്നതിനും കുഞ്ഞിരാമേട്ടൻ സമയം കണ്ടെത്തി.**

# പ്രതിഭയെആദരിക്കൽ

16-11-2019 ശനിയാഴ്ച, രാവിലെ 9.30ന് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, മൂലങ്കാവിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും ഹയർ സെക്കണ്ടറിയിലെയും യു.പി വിഭാഗത്തിലേയും ഏതാനും വിദ്യാർത്ഥികളുമായാണ്, സ്കൂളിനു സമീപത്തെ സംഗീത പ്രതിഭയായ ശ്രീ.വർഗ്ഗീസിനെ ആദരിക്കാനായി പോയത്.

തൃപ്പൂണിത്തറ സംഗീത കോളേജിൽ നിന്നു സംഗീതത്തിൽ ഡിപ്ലോമയും ഹോട്ടൽ മാനേജ്മെന്റ് കോഴ്സും പൂർത്തിയാക്കിയ ശ്രീ.വർഗ്ഗീസ് എറണാകുളം കേന്ദ്രീകരിച്ചുള്ള ട്രൂപ്പുകളിൽ പാടിക്കൊണ്ടിരുന്നു. ജീവിത പ്രാരാബ്ദങ്ങൾ കൊണ്ട് വയനാട്ടിൽ തന്നെ നില്കേണ്ടി വന്നതുകൊണ്ട് ട്രൂപ്പുകളിൽ തുടരാൻ കഴിഞ്ഞില്ല.

ശ്രീ' സനിൽ, ശ്രീ.കൃഷ്ണൻ, ശ്രീമതി മിനി ഭാസ്കർ എന്നി അദ്ധ്യാപകർ ഞങ്ങളെ അനുഗമിച്ചു.

സനിൽ സാർ സ്വാഗതം പറഞ്ഞു 'കൃഷ്ണൻ മാസ്റ്റർ പൊന്നാടയണിയിച്ചു കൊണ്ട് പ്രതിഭയെ ആദരിച്ചു.

ശ്രീ. വർഗ്ഗീസ് സുദീർഘമായി തന്നെ തന്റെ സംഗീതാനുഭവങ്ങൾ വിശദീകരിച്ചു.രണ്ടു ഗാനങ്ങൾ പാട്ടുകയും ചെയ്തു.

രസകരമായ സംവാദത്തിൽ, അനുഭവത്തിന്റെ തീക്ഷ്ണമായ ദിനങ്ങളുടെ കഥകൾ അദ്ദേഹം പറഞ്ഞു.

മിനി ടീച്ചറും കൂട്ടുകാരും  മധുരം നല്കി. വർഗ്ഗീ സേട്ടന്റെ ഭാര്യ എല്ലാവർക്കും ചായ നല്കി.

മാളവിക നന്ദി പറഞ്ഞു.

# 1 സന്ദേശം

മൂലങ്കാവ് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ ആശംസിക്കുന്നു.

ഈ മാഗസിന്റെ അണിയറ പ്രവർത്തകർക്കു അവിസ്മരണീയമായ അനുഭവങ്ങളാണ് ലഭിക്കുന്നത്.
എത്ര കാലം കഴിഞ്ഞാലും മനസ്സിൽ തണൽ വിരിച്ചു നില്ക്കുന്ന ഓർമ്മകളാവും, നിങ്ങൾക്കു ഈ മാഗസിൻ.

മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം എന്നും ഓർമിക്കാൻ ഇഷ്ടപ്പെടുന്ന അനുഭവ നിമിഷങ്ങളായിരിക്കും ഈ ഡിജിറ്റൽ മാഗസിൻ സമ്മാനിക്കുന്നത്.

കാലങ്ങൾക്കു ശേഷം ആവശ്യമായി വരുന്ന വിലയേറിയ ഈ ഓർമ പുസ്തകത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി.കെ.
ഹൈഡ്രോസ്
**(ഹെഡ്മാസ്റ്റർ)**



# നന്ദി

എന്റെ കാൽച്ചുവട്ടിലെ മണ്ണ്, ഏറെ പ്രതീക്ഷയോടെയാണ് പ്രകാശം കാണുന്നത്.
കൗമാരത്തിന്റെ പ്രതികരണങ്ങൾ സൂക്ഷ്മമായി കാണുന്ന ഒരാൾക്കു അവഗണിക്കാൻ കഴിയുന്നതല്ല ഇതിലെ ലേഖനങ്ങൾ
.

ഒരു പാട് ആളുകൾ സഹായിച്ചിട്ടുണ്ട് സഹായിച്ചവരോട് ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു.

ശ്രീ.നാരായണൻ സർ (എസ്.ഐ.ടി.സി)
ശ്രീമതി ജയലക്ഷ്മി ടീച്ചർ
ശ്രീ.പ്രകാശൻ മാസ്റ്റർ
ശ്രീ.ജോജി സർ
ശ്രീമതി മഞ്ജു ടീച്ചർ

**തുടങ്ങിയവരോടുള്ള പ്രത്യേക നന്ദിയും ഹൃദയബന്ധത്തോടെ കുറിക്കുന്നു.**